കേരള സർക്കാർ

# COVID-19 OUTBREAK CONTROL AND PREVENTION STATE CELL
# HEALTH & FAMILY WELFARE DEPARTMENT
# GOVT. OF KERALA

**Landline:** 0471-2302160 **Mobile:**9072315151
**Website:**www.dhs.kerala.gov.in **Email:**controlroomdhskerala@gmail.com

## പൊതുജനങ്ങളോടുള്ള അഭ്യർത്ഥന

COVID-19 ബാധിത രാജ്യങ്ങളിൽ നിന്നും യാത്രാ ചരിത്രമുള്ളവർ അല്ലെങ്കിൽ അത്തരം യാത്രക്കാരുമായി സമ്പർക്കം പുലർത്തുന്ന വ്യക്തികൾ, വീടുകളിൽ നിരീക്ഷണത്തിൽ തുടരാൻ അഭ്യർത്ഥിക്കുന്നു. ആലിംഗനം അല്ലെങ്കിൽ ഹസ്തദാനം പോലെ സ്പർശിച്ച് കൊണ്ടുള്ള സാമൂഹിക ആശംസകൾ ഒഴിവാക്കുക. നിങ്ങളുടെ മുഖം, മൂക്ക്, കണ്ണുകൾ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തൂവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. കോവിഡ്-19 രോഗലക്ഷണങ്ങൾ ഉള്ളവരും അവരെ പരിചരിക്കുകയും ചെയ്യുന്ന ആളുകൾ മാത്രമേ മാസ്ക് ധരിക്കേണ്ടതുള്ളൂ. മാസ്ക് ഉപയോഗിക്കുന്നവർ അത് ഉപയോഗിക്കേണ്ട മാർഗങ്ങൾമനസ്സിലാക്കി ഉപയോഗിക്കേണ്ടതും, ഉപയോഗശേഷം മാസ്കുകൾ ശാസ്ത്രീയമായി തന്നെ സംസ്കരിക്കേണ്ടതുമാണ്. പൊതുജനങ്ങൾ N-95 മാസ്കുകൾ ഉപയോഗിക്കേണ്ടതില്ല.

കോവിഡ്-19നെതിരായ പോരാട്ടത്തിൽ ആരോഗ്യവകുപ്പുമായി കൈകോർക്കാൻ ആരോഗ്യപ്രവർത്തകരെ ഞങ്ങൾ ക്ഷണിക്കുന്നു.ആശുപത്രികൾ, വീടുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സന്നദ്ധ സേവനം നടത്തുന്നതിന് താഴെ നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് നിങ്ങൾക്കും ചേരാം. താൽപര്യമുള്ള ആരോഗ്യ പ്രവർത്തകർക്ക് ഈ ഫോമിൽ വിശദാംശങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കാം. ആരോഗ്യകുടുംബക്ഷേമ വകുപ്പ്ഉടൻ തന്നെ നിങ്ങളെ ബന്ധപ്പെടുന്നതായിരിക്കും.

**വരൂ, ഞങ്ങളോടൊപ്പം അണി ചേരൂ**
https://forms.gle/3FtcS7ovp1YGG9539

**തീയതി: 20/03/2020**

168ലോക രാജ്യങ്ങളിൽ കോവിഡ്-19 രോഗം പടർന്നുപിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന കോവിഡ്-19 രോഗത്തെ മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്നു.ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി.

## വീട്/ആശുപത്രി നിരീക്ഷണം

- സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 44390പേർ നിരീക്ഷണത്തിലാണ്
- ഇവരിൽ 44165 പേർ വീടുകളിലും,225പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

## സാമ്പിൾ പരിശോധന

- രോഗലക്ഷണങ്ങൾ ഉള്ള 3436 വ്യക്തികളുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 2393 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്.

## പരിശോധനാ ഫലം

- കേരളത്തിൽ ഇന്നലെ വരെ രോഗബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 28 ആയിരുന്നു.
- ഇന്ന് കേരളത്തിൽ 12 പേർക്ക് രോഗം സ്ഥിരീകരിച്ചു, ഇതിൽ ആറു പേർ എറണാകുളം ജില്ലയിലും ആറു പേർ കാസർഗോഡ് ജില്ലയിലും ചികിത്സയിലാണ്.

## നിർദേശങ്ങൾ

കോവിഡ്-19 രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തൂവാലകൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്.കോവിഡ്-19 രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ വീടുകളിൽ തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

## അനുബന്ധ പ്രവർത്തനങ്ങൾ

- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കുംവേണ്ട 80 പരിശീലന സഹായികൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി "കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്" എന്ന ആരോഗ്യവകുപ്പിന്റെ യൂട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്(https://www.youtube.com/c/keralahealthonlinetraining).
- സംസ്ഥാന കൺട്രോൾ റൂമും ജില്ല കൺട്രോൾ റൂമുകളും തമ്മിൽ പ്രാധാന്യമേറിയ വിവരങ്ങൾ കൈമാറുന്നതിനും വിശകലനം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പു വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പു വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.
- സംസ്ഥാന തലത്തിൽ കോൾ സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനായി മൂന്ന് നമ്പരുകൾ കൂടി പ്രവർത്തനം തുടങ്ങി. ഇതോടെ ആറു ഹെൽപ്പ് ലൈൻ നമ്പറുകളാണ് പ്രവർത്തനത്തിൽ ഉള്ളത്.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 238 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 19804 ടെലിഫോണിക്ക് കൗൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.
- ആരോഗ്യ പ്രവർത്തകർ, ആരോഗ്യസേന, സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് ഗൃഹ സന്ദർശനം നടത്തി നിരീക്ഷണത്തിലുള്ള വ്യക്തികളുമായി ശക്തമായ ആശയവിനിമയം ഉറപ്പാക്കുന്നതാണ്.
- നിരീക്ഷണത്തിലുള്ള വ്യക്തികളുടെ വർദ്ധിച്ചു വരുന്ന എണ്ണം കണക്കാക്കി കൂടുതൽ കോവിഡ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

## അനുബന്ധം-1: ജില്ലകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ വിവരങ്ങൾ

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് അഡ്മിറ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 3710 | 3663 | 47 | 7 |
| കൊല്ലം | 659 | 652 | 7 | 2 |
| പത്തനംതിട്ട | 4570 | 4555 | 15 | 2 |
| ഇടുക്കി | 504 | 503 | 1 | 0 |
| കോട്ടയം | 1867 | 1862 | 5 | 0 |
| ആലപ്പുഴ | 3763 | 3755 | 8 | 2 |
| എറണാകുളം | 4224 | 4196 | 28 | 7 |
| തൃശ്ശൂർ | 3386 | 3357 | 29 | 9 |
| പാലക്കാട് | 3864 | 3838 | 26 | 0 |
| മലപ്പുറം | 6239 | 6232 | 7 | 3 |
| കോഴിക്കോട് | 5798 | 5784 | 14 | 9 |
| വയനാട് | 736 | 736 | 0 | 0 |
| കണ്ണൂർ | 4490 | 4465 | 25 | 11 |
| കാസർഗോഡ് | 580 | 567 | 13 | 4 |
| **ആകെ** | **44390** | **44165** | **225** | **56** |

## അനുബന്ധം–1: രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളവരുടെ ക്രമം

| രോഗബാധ സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം | ജില്ല | നിലവിലെ അവസ്ഥ | പരാമർശം |
|---|---|---|---|
| 3 | തൃശ്ശൂർ<br>ആലപ്പുഴ<br>കാസറഗോഡ് | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 5 | പത്തനംതിട്ട | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 1 | ഏറണാകുളം | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 8 | പത്തനംതിട്ട – 4<br>കോട്ടയം – 2<br>ഏറണാകുളം –2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 2 | കണ്ണൂർ –1<br>തൃശ്ശൂർ –1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 3 | തിരുവനന്തപുരം –3 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 2 | തിരുവനന്തപുരം –1<br>ഇടുക്കി – 1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 3 | മലപ്പുറം–2<br>കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 1 | കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 12 | ഏറണാകുളം–6<br>കാസറഗോഡ്–6 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| **ഇതുവരെ 40 രോഗികളിലാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്** | | | |

| ജില്ല | നിലവിൽ ചികിത്സയിലുള്ളവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| പത്തനംതിട്ട | 9 |
| കോട്ടയം | 2 |
| ഏറണാകുളം | 9 |
| തൃശ്ശൂർ | 1 |
| മലപ്പുറം | 2 |
| കണ്ണൂർ | 1 |
| ഇടുക്കി | 1 |
| കാസറഗോഡ് | 8 |
| **ആകെ** | **37** |